NS (4)/33816/2016/DPI

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം തീയതി: 14.09.2017

## സർക്കുലർ

വിഷയം: പൊ.വി.- നഴ്സറി എഡ്യൂക്കേഷൻ കോഴ്സ് പ്രവേശനം - തീയതി നീട്ടി നൽകുന്നത് - സംബന്ധിച്ച്

സൂചന: 1) 06.06.2017 - ലെ വിജ്ഞാപനം
2) 21.08.2017 - ലെ ഇതേ നമ്പർ സർക്കുലർ
3) ശ്രീ.നാരായണാ പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രിൻസിപ്പാളിന്റെ നിവേദനം

പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് എന്നറിയപ്പെട്ടിരുന്നതും നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതുമായ ദ്വൈവൽസര പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കോഴ്സ് 2017-19 വർഷത്തേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 30.06.2017 അനുസരിച്ച് സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും, സൂചന (2) പ്രകാരം 31.08.2017 - വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. സൂചന (3) പ്രകാരമുള്ള പ്രിൻസിപ്പാളിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും അപേക്ഷകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ നിലവിൽ അംഗീകൃത പ്രീ-പ്രൈമറി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒഴിവുകൾ നികത്തുന്നതിനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **28.09.2017-വരെ** വീണ്ടും ദീർഘിപ്പിച്ചുകൊണ്ടുത്തരവാകുന്നു. ബന്ധപ്പെട്ട ഉപഡയറക്ടർമാർ യഥാവിധം ജില്ലകളിൽ അറിയിപ്പുകൾ നൽകേണ്ടതാണ്. 2017-19 വർഷത്തേക്കുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുന്നതല്ലായെന്നറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ സർക്കാർ പി.പി.ടി.ടി.ഐ കൾക്കും
3. എല്ലാ സർക്കാർ അംഗീകൃത പി.പി.ടി.ടി.ഐ കൾക്കും